പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 117. 18-03-2013 -ൽ മറുപടിക്ക്.

## ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ:<br>" വി.റ്റി. ബൽറാം:<br>" ഹൈബി ഈഡൻ:<br>" സണ്ണി ജോസഫ് | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ ബോധവൽക്കരണ വിഭാഗം രൂപീകരിച്ചാണ്, സംസ്ഥാനത്ത് ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ ഏകോപിപ്പിച്ചു വരുന്നത്. |
| (ബി) പ്രസ്തുത പരിപാടിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; | (ബി) ലഹരി വിമുക്ത കേരളം സാക്ഷാത്കരിക്കുക എന്ന ഉദ്ദേശ്യത്തോടെ, ബോധവൽക്കരണത്തിലൂന്നി, ഘട്ടംഘട്ടമായുള്ള മദ്യവർജ്ജനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (സി) മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള ബോധവൽക്കരണത്തിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) യുവാക്കളിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തിയും മയക്ക് മരുന്ന് ഉപയോഗവും നിയന്ത്രിക്കുന്നതിന്, എക്സൈസ് വകുപ്പ്, ശക്തവും നൂതനവുമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. റസിഡന്റ്സ് അസോസിയേഷനുകൾ, യുവജന സംഘടനകൾ, യുവജന ക്ലബ്ബുകൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, N.S.S., കുടുംബശ്രീ, സാക്ഷരതാമിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എന്നിവയുടെ സഹകരണത്തോടെ വിപുലമായ ബോധവൽക്കരണ പരിപാടികളാണ് ഫലപ്രദമായി നടപ്പാക്കി വരുന്നത്. ഇത്തരം പ്രവർത്തനങ്ങളിൽ യുവാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നുമുണ്ട്. കൂടാതെ, വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി, സ്കൂളുകൾ കേന്ദ്രീകരിച്ച്, ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച്, സെമിനാറുകൾ, പോസ്റ്ററുകൾ, ഉപന്യാസ മത്സരം, ചിത്രരചനാമത്സരം, വിദഗ്ദ്ധഡോക്ടർമാർ കൈകാര്യം ചെയ്യുന്ന ക്ലാസുകൾ എന്നിവ നടത്തി വരുന്നു. സ്കൂളുകളിലും പ്രധാന കവലകളിലും എക്സൈസ് വകുപ്പ് നിർമ്മിച്ച, 'ദുരന്ത ലഹരി' എന്ന പേരിലുള്ള ഒരു ഡോക്യുമെന്ററി പ്രദർശിപ്പിച്ചു വരുന്നു. |

| | |
|---|---|
| (ഡി) ഏതെല്ലാം ഏജൻസികളാണ് ഈ പരിപാടിയുമായി ബന്ധപ്പെട്ടതെന്ന് വിശദീകരിക്കുമോ? | (ഡി) റസിഡന്റ്സ് അസോസിയേഷനുകൾ, യുവജന സംഘടനകൾ, യുവജന ക്ലബ്ബുകൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, N.S.S., കുടുംബശ്രീ, സാക്ഷരതാ മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയാണ് ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ആഫീസർ